# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/681/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 03/06/2022

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
2.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,ജനറൽ, കണ്ണൂർ (ഇ മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/681/22 തീയ്യതി: 03/06/2022

## കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-10-2020 മുതൽ 08-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 05-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-04-2022 | 05-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു ടി.പി , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.ഷഹീൻ പി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(20.04.22 മുതൽ 23.04.22 വരെ തീയതികളിൽ ഔട്ട് ഓഫ് ക്യാമ്പ്)

3.ധന്യ എം വി , ഓഡിറ്റർ (29.04.22 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കുട്ടവൻ പത്മനാഭൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഗണേശൻ . കെ | സെക്രട്ടറി | 01-04-2019 | 02-05-2019 |
| ശ്രീ. ഫെലിക്സ് ഗ്രിഗറി | സെക്രട്ടറി | 02-05-2019 | 30-06-2019 |
| ശ്രീ. ഗണേശൻ. കെ | സെക്രട്ടറി | 01-07-2019 | 29-07-2019 |
| ശ്രീ. ഫെലിക്സ് ഗ്രിഗറി | സെക്രട്ടറി | 30-07-2019 | 05-01-2020 |
| ശ്രീമതി.രജിത.കെ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2020 | 15-01-2020 |
| ശ്രീ.കൃഷ്ണൻ നിരവത്ത് | സെക്രട്ടറി | 16-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ടിങ്കിൾ മാത്യൂ | ക്ഷീരവികസന ഓഫീസർ | 01-04-2019 | 28-08-2019 |
| ശ്രീമതി.അമ്പിളി.എൻ.എസ് | ക്ഷീരവികസന ഓഫീസർ | 29-04-2019 | 31-03-2020 |
| ശ്രീമതി.മിനി പി ജോൺ | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | 01-04-2019 | 12-01-2020 |
| ശ്രീ. എം. എൻ . പ്രദീപൻ | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | 13-01-2020 | 12-03-2020 |
| ശ്രീമതി.മിനി പി ജോൺ | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | 13-03-2020 | 31-03-2020 |
| ശ്രീ. വി ജി ജയകുമാർ | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 01-04-2019 | 01-09-2019 |
| ശ്രീ.നാസർ. പി. കെ | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 02-09-2019 | 03-10-2019 |
| ശ്രീ.ഷംനാദ്. വി എ | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 04-10-2019 | 29-10-2019 |
| ശ്രീമതി.ജലജകുമാരി.കെ.എസ് | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 30-10-2019 | 13-02-2020 |

| | | | |
|---|---|---|---|
| ശ്രീ.മോഹനൻ.ബി | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 14-02-2020 | 31-03-2020 |
| ശ്രീ. ലിനീഷ്. ടി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.വിമല.ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീ.സുനിൽ കുമാർ . എം . പി | പട്ടികജാതി വികസന ഓഫീസർ | 01-06-2019 | 08-08-2019 |
| ശ്രീ.ശ്രീജേഷ്. കെ | പട്ടികജാതി വികസന ഓഫീസർ | 09-08-2019 | 31-03-2020 |
| ശ്രീമതി.കവിത.പി | സി.ഡി.പി.ഒ | 01-04-2019 | 16-07-2019 |
| ശ്രീമതി.സുധ.എം | സി ഡി പി ഒ | 17-07-2019 | 12-12-2019 |
| ശ്രീമതി.ജമീല.സി | സി ഡി പി ഒ | 13-12-2019 | 12-01-2020 |
| ശ്രീമതി. നിഷ പാലത്തടത്തിൽ | സി ഡി പി ഒ | 13-01-2020 | 18-03-2020 |
| ശ്രീമതി.ജമീല. ടി | സി ഡി പി ഒ | 19-03-2020 | 31-03-2020 |
| ഡോ.ഷാഹിനാബായി | മെഡിക്കൽ ഓഫീസർ, സി എച്ച് സി , പാപ്പിനിശ്ശേരി | 01-04-2019 | 31-03-2020 |
| ഡോ.സന്തോഷ്. ബി | മെഡിക്കൽ ഓഫീസർ , സി എച്ച് സി , അഴീക്കോട് | 01-04-2019 | 18-05-2019 |
| ഡോ.സിന്ധുകല.എ ആർ | മെഡിക്കൽ ഓഫീസർ , സി എച്ച് സി , അഴീക്കോട് | 19-05-2019 | 31-03-2020 |
| ശ്രീ.ബാലകൃഷ്ണൻ.കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 24-07-2019 |
| ശ്രീമതി.ലജിത. വി എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-07-2019 | 31-03-2020 |
| ശ്രീ.അരവിന്ദ്. ഇ എൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(ഇൻ ചാർജ്ജ്) | 25-07-2019 | 29-07-2019 |

| | | | |
|---|---|---|---|
| ശ്രീമതി.ബീന.എ | അസിസ്റ്റന്റ് എഞ്ചിനീയര്‍ | 01-04-2019 | 24-07-2019 |
| ശ്രീ.അരവിന്ദ്. ഇ എന്‍ | അസിസ്റ്റന്റ് എഞ്ചിനീയര്‍ | 25-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 01-05-2022)<br>Last Updated By: Sindhu T P (Audit Officer, On 01-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sindhu T P (Audit Officer, On 01-05-2022)<br>Last Updated By: Sindhu T P (Audit Officer, On 01-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Sindhu T P (Audit Officer, On 10-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-05-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Sindhu T P (Audit Officer, On 03-05-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-7 |
| 9 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Sindhu T P (Audit Officer, On 03-05-2022) | 1-8 |
| 10 | കമ്മറ്റികളുടെ പ്രവർത്തനം<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 1-9 |
| 11 | രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 03-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 1-10 |
| 12 | വാടക<br>Written By: Dhanya.M.V (Auditor, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-05-2022) | 1-11 |
| 13 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Dhanya.M.V (Auditor, On 06-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-12 |
| 14 | ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നത്- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Dhanya.M.V (Auditor, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-13 |
| 15 | അങ്കണവാടി പൂരക പോഷകാഹാര പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 06-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-05-2022) | 1-14 |
| 16 | ക്ഷീര സംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ നൽകൽ - | 1-15 |

| | | |
|---|---|---|
| | രേഖകൾ ഹാജരാക്കിയിട്ടില്ല.800000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya.M.V (Auditor, On 06-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | |
| 17 | പത്രപരസ്യം ഡിസ്കൗണ്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-05-2022) | 1-16 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-05-2022) | 1-17 |
| 19 | ബ്ലോക്ക് ഫാമിൽ കിണർ,പമ്പ്ഹൗസ്, ടാങ്ക് ,മോട്ടോർ സ്ഥാപിക്കൽ-സ്രോതസ്സ് ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തിയതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 30-04-2022)<br>Last Updated By: Sindhu T P (Audit Officer, On 10-05-2022) | 1-18 |
| 20 | പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ അപാകങ്ങൾ-1308790രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-19 |
| 21 | ലൈഫ് ഭവനപദ്ധതി<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-20 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 335000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-21 |
| 23 | തനത് ഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-05-2022) | 1-22 |
| 24 | അഴീക്കോട് സി എച്ച് സിയിൽ താൽക്കാലികമായി നിയമിച്ച ഡോക്ടർ മറ്റ് ജീവനക്കാരുടെ വേതനം നൽകിയതിലെ അപാകങ്ങൾ -22200രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, 101600 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-23 |
| 25 | അഴീക്കോട് സി എച്ച് സിയിൽ ആവശ്യമായ മരുന്ന് വാങ്ങൽ - 58390 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 335000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 3-1 |
| 2 | അഴീക്കോട് സി എച്ച് സിയിൽ താൽക്കാലികമായി നിയമിച്ച ഡോക്ടർ മറ്റ് | 3-2 |

| | | |
|---|---|---|
| | ജീവനക്കാരുടെ വേതനം നൽകിയതിലെ അപാകങ്ങൾ -22200രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, 101600 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Shaheen.P (Asst. Audit Officer, On 30-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 10-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 27.02.2019 തീയതിയിലെ ബി പി സി നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദാംശങ്ങൾ സകർമ്മ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ തയ്യാറാക്കിയ മിനുട്സിൽ രേഖപ്പെടുത്തുകയോ അറ്റാച്ച് ചെയ്യുകയോ ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 25.02.2019 തീയതിയിലെ തീരുമാനം നമ്പർ 2 പ്രകാരം ഭരണസമിതിയിലേക്ക് ശുപാർശ ചെയ്ത ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വരവ് | 122672000 |
| ആകെ | 132672000 |
| ചെലവ് | 121436000 |
| നീക്കിയിരിപ്പ് | 1235400 |

മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് സംബന്ധിച്ച ചർച്ചകൾ നടത്തുകയോ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ചതായും രേഖകളില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് വ്യതിയാനങ്ങൾ വരുന്ന സംഗതികളിൽ സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 07.07.2020 | തിരിച്ചയച്ചിട്ടില്ല |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.06.2020 തീയതിയിലെ 14/20-21 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

| | |
|---|---|
| 1 | വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വാടക,ലേലം.ടെണ്ടർ ഫോറം വില്പന , ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം , പലവക വരവുകൾ തുടങ്ങിയ വരവിനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കാതിരുന്നത് അപാകമാണ്. കൃത്യമായ കണക്കുകൾ ഹാജരാക്കേണ്ടതാണ്. |
| 2 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ , വിവിധ ഫണ്ടിനങ്ങളുടെ വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. |
| 3 | ബാങ്ക്/ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും പ്രതിമാസ, വാർഷിക റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആർ പി 40(b) യിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. |
| 4 | എം എൻ ആർ ഇ ജി എസ് - ബ്ലോക്ക് പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും മുൻകൂറായി നല്കിയ തുകയുടെയും ക്രമീകരിച്ച തുകയുടെയും വിവരങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. |
| 5 | കേരളോത്സവം നടത്തിപ്പിനായി തയ്യാറാക്കിയ പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 32/20)വികസന ഫണ്ടും (150000രൂപ) യുവജനക്ഷേമബോർഡിൽ നിന്നുള്ള ഗ്രാന്റും(60000രൂപ) ആണ് വകയിരുത്തിയിരുന്നത്. പ്രോജക്ട് ചെലവ് 9988രൂപ . വികസന ഫണ്ടിൽ നിന്നും ചെലവു നടത്തുന്നതിനായി ബിൽ നല്കിയിരുന്നുവെങ്കിലും ക്യൂബിൽ ആയതിനാൽ 2020-21 സാമ്പത്തിക വർഷമാണ് തുക ലഭിച്ചത്. |

| | |
|---|---|
| | പ്രോജക്ടിൽ വകയിരുത്താതെ 134500രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതുൾപ്പെടെ ആകെ 144498 രൂപ 2019-20 സാമ്പത്തിക വർഷം ചെലവഴിച്ചതായി ആർ പി 12 ഷെഡ്യൂളിൽ (ഭരണച്ചെലവുകൾ) രേഖപ്പെടുത്തിയിട്ടുണ്ട് . വികസന ഫണ്ട് ലഭ്യമാകാത്തതിനാൽ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക മുൻകൂർ തുകയായി കാണിക്കാതെ ചെലവായി രേഖപ്പെടുത്തിയത് ശരിയല്ല. |
| 6 | ബി 9 ഷെഡ്യൂൾ പ്രകാരം , റവന്യൂ റിക്കവറി ഇനത്തിൽ 5395രൂപ ബാധ്യതയായി തുടരുന്നതിന്റെ കാരണം വ്യക്തമല്ല. (04.07.15ലെ വരവായ4762രൂപയും , 07.04.17ലെ വരവായ 633രൂപയും )<br><br>Refund Of Unutilised Grant - Prior Period- എന്ന ഹെഡിൽ രേഖപ്പെടുത്തിയ 131709രൂപയും Refunds Payable- Others എന്ന ഹെഡിലുള്ള 191870രൂപയും (ബി 9) ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. പ്രസ്തുത ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചടച്ച തുക ഉൾപ്പെടെ പ്രസ്തുത ഹെഡിൽ വരുന്നുണ്ടെന്ന് കാണുകയുണ്ടായി. 191870രൂപയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരിച്ചടച്ച 96716രൂപയും സി ജി എസ് ടി , എസ് ജി എസ് ടി ഹെഡുകളിൽ നിന്ന് ട്രാൻസ്ഫർ എൻട്രി ചെയ്ത 102945രൂപയും ഉൾപ്പെടുന്നു . എന്നാൽ ഏത് ഫണ്ടിനമാണെന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് അതാത് ഹെഡിലേക്ക് തിരിച്ചടക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.<br><br>പ്രസ്തുത ഹെഡിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ കൃഷിക്ക് ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള 36251 രൂപ തിരിച്ച് നല്കിയിട്ടുണ്ട്.ഇത് ഏത് പ്രോജക്ടിനു വേണ്ടി ശേഖരിച്ചതാണെന്നും വരവ് ഏത് ഹെഡിലാണ് ഉൾപ്പെടുത്തിയതെന്നും വ്യക്തമാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ തുക ഏത് രീതിയിലാണ് വിനിയോഗിച്ചതെന്നും വ്യക്തമല്ല.<br><br>Other Liabilities ആയി ചേർത്ത 662520രൂപയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. |
| 7 | ആസ്തി ഇനത്തിൽ (ആർ പി 38,ബി-11) ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ഏത് തീയതി വരെ കാലികമാക്കി സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടില്ല. |
| 8 | ഡിപ്രീസിയേഷൻ- കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. |
| 9 | എസ് ജി എസ് വൈ, സാക്ഷരത എന്നീ ഇനങ്ങളിൽ ബി 4 (യഥാക്രമം 15050,71744), ബി-17(യഥാക്രമം 382795,74215) ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br><br>ബ്ലോക്ക് പഞ്ചായത്തിലെ പണമിടപാടുകൾ കൈകാര്യം ചെയ്യുന്നതിനായുള്ള വിവിധ ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ ഓഫ് ബാങ്ക്/ട്രഷറി അക്കൗണ്ട്സ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. |
| 10 | ഐ 18 ഷെഡ്യൂൾ പ്രകാരം ക്രമീകരിച്ച പ്രയർ പിരിയഡ് ഇനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല. വിശദാംശങ്ങളോ അക്കൗണ്ടിന്മേലുള്ള കുറിപ്പുകളോ രേഖപ്പെടുത്താതെ വലിയ തുക ഈ രീതിയിൽ ക്രമീകരിക്കുന്നത് ശരിയായ നടപടിയല്ല. |
| 11 | പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ , അടിസ്ഥാന അനുപാതങ്ങൾ തുടങ്ങിയവ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. |

വാർഷിക ധനകാര്യ പത്രിക പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാതിരുന്നത് അപാകമാണ്. രേഖകൾ ഹാജരാക്കുന്നതിനായി 26.04.22 തീയതിയിൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,34,69,136 |
| വരവ് | 3,60,22,771 |

| | |
|---|---|
| ആകെ | 4,94,91,907 |
| ചെലവ് | 3,97,58,698 |
| നീക്കിയിരിപ്പ് | 97,33,209 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹32,200 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹25,45,390 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂബിൽ | നീക്കിയിരിപ്പ് / ലാപ്സായ തുക (ക്യൂബിൽ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 33763000 | 33763000 | 18888164 | 87,35,391 | 14874836 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7357000 | 7357000 | 7103709 | 1,35,900 | 1413399 |
| വികസന ഫണ്ട്- ടി എസ് പി | 0 | 241000 | 241000 | 0 | | 241000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4422000 | 4422000 | 3010601 | 78,086 | 1413399 |

മറ്റ് ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ മറ്റ് രേഖകളോ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ബി 4 ഷെഡ്യൂൾ 2018-19 | വരവ് ആർ പി 7, ആർ പി 31 2019-20 | ആകെ | നീക്കിയിരിപ്പ് ബി 4 2019-20 | റിമാർക്സ് |
|---|---|---|---|---|---|
| എസ്.ജി.എസ്.വൈ | 107500 | .. | 107500 | 15050 | വരവുചെലവുകളുടെകൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| ഐ എ വൈ | 4299 | 227245 | 231544 | 243845 | മുന്നിരിപ്പും വരവും കൂട്ടിയാൽ കിട്ടുന്നതുകയേക്കാൾ കൂടുതലാണ് നീക്കിയിരിപ്പ്. |
| ടി എസ് സി | 539802 | 40537 | 580339 | 578419 | വരവുചെലവുകളുടെകൃത്യത പരിശോധിക്കുന്നതിനാവശ്യമായരേഖകൾ സൂക്ഷിച്ചിട്ടില്ല. |
| ഐ സിഡി എസ് | 460429 | .. | 460429 | 460429 | വർഷങ്ങളായി തുടർന്നു വരുന്നു. തുക |

| | | | | | |
|---|---|---|---|---|---|
| | | | | | വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. |
| മറ്റ് കേന്ദ്രസർക്കാർ ഗ്രാന്റുകൾ | 29179 | 6955 | 36134 | 35931 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| മറ്റ് ഗ്രാന്റുകൾ | 21550 | .. | 21550 | .. | വിശദാംശങ്ങൾ ലഭ്യമല്ല |
| കുടിവെള്ള പദ്ധതിക്കായുള്ള കേന്ദ്രസർക്കാർ ഗ്രാന്റുകൾ | 113575 | 6955 | 120530 | 113575 | 6955രൂപ തെറ്റായി വരവിൽ കാണിച്ചതാണ്. 113575രൂപ വർഷങ്ങളായി നീക്കിയിരിപ്പായി തുടരുന്നതാണ്.തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. |
| കേരളോത്സവം | | 60000 | 60000 | 50012 | 9988രൂപ 19-20 ൽ ചെലവഴിച്ച് മുഴവൻ തുകയും വിനിയോഗിച്ചതായി യൂത്ത് വെൽഫെയർ ബോർഡിനെ അറിയിച്ചു. |
| വില്ലേജ് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം | 5504 | .. | 5504 | 5504 | വിശദാംശങ്ങൾ ലഭ്യമല്ല |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- ഐ എ വൈ | 37,10,726 | .. | 3710726 | .. | .. |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം - റവന്യൂ | | | | 32000 | വിശദാംശങ്ങൾ ലഭ്യമല്ല |
| ജില്ലാ പഞ്ചായത്ത്- റവന്യൂ | 616000 | 196000 | 812000 | 28000 | ,, |
| നിർമ്മൽ പുരസ്കാർ | 283456 | .. | 283456 | 283456 | |
| ഗ്രാമ പഞ്ചായത്ത്- | .. | 200000 | 200000 | 20000 | |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | 125010 | 240585 | 365595 | 21760 | വിശദാംശങ്ങൾ ലഭ്യമല്ല. |
| സാക്ഷരത | 71744 | 104435 | 176179 | 71744 | വിശദാംശങ്ങൾ ലഭ്യമല്ല |
| എം എൻ ആർ ഇ ജി എസ് | .. | 58570 | 58570 | .. | വിശദാംശങ്ങൾ ലഭ്യമല്ല |

വിവിധ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

ഗ്രാന്റ് വിനിയോഗ പത്രിക

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 104 | 55660897 | 67 | 30151982 | 17 | 37 | 50 | 48.08 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ | 5 | 4 | 4411527 | 4149623 | 94.06 |
| സെക്രട്ടറി | 26 | 17 | 15282082 | 10806802 | 70.72 |
| സൂപ്രണ്ട് , വൃദ്ധസദനം | 2 | 1 | 675000 | 216484 | 32.07 |
| മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 23 | 20 | 5555182 | 3735915 | 67.25 |
| എസ് സി ഡി ഒ | 6 | 4 | 4714040 | 4012541 | 85.12 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 4 | 3 | 1629000 | 1029000 | 63.17 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 2060000 | 1260000 | 61.17 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 0 | 500000 | 0 | 0 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 3 | 3203530 | 1112889 | 34.74 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 32 | 13 | 17630516 | 3829028 | 21.72 |
| ആകെ | 104 | 67 | 55660897 | 30151982 | 54.58 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.22 ന് ഉച്ചയ്ക്ക് 12.25 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

## 1-7 ആഭ്യന്തരനിയന്ത്രണം

പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ ചേർന്ന് ലൈഫ് പദ്ധതികൾ സംബന്ധിച്ചും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടും ഉള്ള അവലോകനങ്ങൾ നടത്തുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല. രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിനങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വിവിധ ഫണ്ടിനങ്ങൾ ഇടകലർത്തി രേഖപ്പെടുത്തുകയും ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നതിനാൽ ഓരോ ഇനത്തിന്റെയും കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നില്ല . പ്രതിമാസ / വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിലും വ്യക്തതയില്ല. അതുകൊണ്ടു തന്നെ കുടിശ്ശിക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു മുമ്പ് സ്ഥലത്തിന്റെ

ഉടമസ്ഥാവകാശം ഉള്ള തദ്ദേശ സ്ഥാപനത്തിൽ നിന്നുള്ള രേഖമൂലമുള്ള അപേക്ഷ ഉറപ്പു വരുത്തുന്നില്ല. ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലും തോടുകളിലും പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.എന്നാൽ വിവിധ ഏജൻസികൾ അതേ പ്രദേശത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളോ നിലവിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിക്കുന്ന സൈറ്റിന്റെ കൃത്യമായ വിവരങ്ങളോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റ് പ്ലാനുകളിലും അളവുകൾ കാണിക്കുന്നില്ല. കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു മുമ്പ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നില്ല എന്നതും അപാകമാണ്. കെട്ടിട നിർമ്മാണം പൂർത്തിയായ ശേഷം നമ്പർ ഇടുന്നതിനായി ഗ്രാമപഞ്ചായത്തുകളെ സമീപിക്കുമ്പോൾ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ നമ്പർ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഉദാഹരണം-വനിതാ വ്യവസായ എസ്റ്റേറ്റിലെ പുതിയ നിർമ്മിതി.

ബ്ലോക്ക് ഫാമിനു വേണ്ടി 2016-17 സാമ്പത്തിക വർഷം വാങ്ങിയ 1.7 ഏക്കർ സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതാണ് (കൈപ്പാട് പ്രദേശം). പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു മുമ്പ് റവന്യൂ അധികാരികളുടെ അനുമതി വാങ്ങിയിട്ടില്ല എന്നത് അപാകമാണ്. (ചുറ്റുമതിൽ, പമ്പ് ഹൗസ്, മണ്ണ് നിറക്കൽ). ജലസ്രോതസ്സ് ഉറപ്പു വരുത്താതെ പമ്പ് ഹൗസിനു മാത്രമായി പദ്ധതി തയ്യാറാക്കിയതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

സി എച്ച് സി കളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു മുമ്പ് , ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികളുടെ മീറ്റിംഗുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാതിരിക്കുന്നത് പലപ്പോഴും വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ ഒന്നു തന്നെ ആകാൻ കാരണമാകുന്നുണ്ട്.ഉദാഹരണം അഴീക്കോട് സി എച്ച് സിയിലെ നവീകരണ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്ത ശേഷമാണ് എൻ എച്ച് എം ഫണ്ടുപയോഗപ്പെടുത്തി അതേ പ്രവൃത്തികൾ ചെയ്യുന്നതായി അറിയുന്നത്.ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും മറ്റ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടത്തുന്ന ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ചെലവ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി ബി 11, ആർ പി 38 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തുന്നതും ശരിയായ നടപടിയല്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളുമായി ബന്ധപ്പെട്ട രേഖകളും വാർഷിക ധനകാര്യ പത്രിക പരിശോധിക്കുന്നതിനാവശ്യമായ രേഖകളും പരിശോധനക്കായി ഹാജരാക്കാതിരുന്നത് ഗുരുതരമായ അപാകമാണ്. എച്ച് എ അവധിയിലായതിനാലാണ് രേഖകൾ ഹാജരാക്കാൻ കഴിയാത്തത് എന്നാണ് മറുപടി നല്കിയത്. സ്ഥാപനത്തെ മുൻകൂട്ടി അറിയിച്ച ശേഷമാണ് ഓഡിറ്റ് നടത്തുന്നത് എന്നതിനാലും എച്ച് എ അവധിയിൽ പോകുന്ന വിവരം നേരത്തെ അറിയാമായിരുന്നതിനാലും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാതിരുന്നത് ഓഡിറ്റിൽ ഗൗരവമായി കാണുന്നു.

## 1-8 ഗ്രാമസഭ

ഓഡിറ്റ് വർഷം ഒരു തവണയാണ് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ വിളിച്ചു ചേർത്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ സംബന്ധിച്ച ചർച്ചയാണ് നടന്നത്. 14.02.2020 തീയതിയിൽ നടന്ന പ്രസ്തുത ഗ്രാമസഭയ്ക്കു ശേഷം ഗ്രാമസഭ വിളിച്ചു ചേർത്തതായി രേഖകളില്ല.

## 1-9 കമ്മറ്റികളുടെ പ്രവർത്തനം

സ്റ്റാൻഡിംഗ് കമ്മറ്റി

സ്റ്റാൻഡിംഗ് കമ്മറ്റികൾ നിശ്ചിത ഇടവേളകളിൽ സമ്മേളിക്കുന്നുണ്ട്. ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സ്റ്റാൻഡിംഗ് കമ്മറ്റികളിൽ അവതരിപ്പിക്കുകയോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് ശുപാർശ ചെയ്യുകയോ ചെയ്യുന്നില്ല എന്നത് അപാകമാണ്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ പദ്ധതി അവലോകനം നടത്തുന്നില്ല.

ആസൂത്രണ സമിതി

29.01.2020 തീയതിയിൽ ആസൂത്രണസമിതി യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യോഗ മിനുട്സ് തയ്യാറാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

കൃഷി അനുബന്ധ മേഖലകൾ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പൂർണ്ണമല്ല. വർക്കിംഗ് ഗ്രൂപ്പുകളിലൊന്നും തന്നെ പദ്ധതി അവലോകനവും മോണിറ്ററിംഗും നടക്കുന്നതായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണത്തിനു ശേഷം കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ കൺവീനറാക്കി മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കേണ്ടതാണെന്നും പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണെന്നുമുള്ള മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 1-10 രജിസ്റ്റർ സൂക്ഷിപ്പ്

ആസ്തി രജിസ്റ്റർ ഏത് തീയതി വരെ കാലികമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ തുടങ്ങി അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്നത് ഗുരുതരമായ അപാകമാണ്.തനതു വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലും വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളും കേരളാ ഫിനാഷ്യൽ കോഡ് വാല്യം 1 ലെ അനുബന്ധ പത്രികകളിൽ നിർദ്ദേശിക്കുന്ന മാതൃകയിൽ സൂക്ഷിക്കുന്നില്ല.വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും ഉപയോഗ യോഗ്യമല്ലാത്ത സാധനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി കൈയ്യൊഴിയുന്നതിനാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 വാടക

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ പറയുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല .

1) അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ്

| ക്രമ നം | പേര് | വാടക മുറിയുടെ നം. | വാടക | 31.3.20 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | അജിത കെ.പി | 6/block 2 | 2109 | 40090 |
| 2 | ജയശ്രീ സുനിൽ | 1/block 3 | 2227 | 42313 |
| 3 | കൃപ രജീഷ് | 2/block 3 | 2227 | 39086 |
| 4 | കെ.ടി ബേബി | 3/block 3 | 2227 | 53448 |
| 5 | ശാലിനി അനുരുദ്ധൻ | 4/block 3 | 2227 | 71726 |
| 6 | പി സതീന്ദ്രൻ | 1/block 2 | 2101 | 44482 |
| 7 | ശ്രീശൻ | 2/block 2 | 3175 | 102260 |

2) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് മുറികളുടെ വാടക

| ക്രമ നം | പേര് | വാടക മുറിയുടെ നം. | വാടക | 31.3.20 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | കാഞ്ഞിരത്താൻ വയൽ അംഗനവാടി | - | 5800 | 166800 |

മേൽ പറഞ്ഞിരിക്കുന്ന മുറികളുടെ വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

വാടക രജിസ്റ്ററിൽ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തലുകൾ വരുത്താനും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വർഷാവസാന സംക്ഷിപ്തം ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ - ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

പ്രൊജക്ടിന്റെ പേര് -ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പ്രൊജക്ട്നമ്പർ-19/20
അടങ്കൽ ₹2056275(വികസനഫണ്ട്)

ചെലവ് - ₹2056275

ബിൽ നം./തീയ്യതി/തുക – 2/1.8.19/₹900000

4/9.8.19/₹507650

5/16.8.19/₹648625

ആകെ ₹20,56,275

പ്രസ്തുത തുക 4 ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| ചിറക്കൽ | 648625 |
| വളപ്പട്ടണം | 300000 |
| അഴീക്കോട് | 507650 |
| പാപ്പിനിശ്ശേരി | 600000 |

പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടത് സംബന്ധിച്ച് 27.4.22 ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-13 ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നത്- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ - ഡയറിഎക്സ്റ്റൻഷൻഓഫീസർ

പ്രൊജക്ടിന്റെപേര്-ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നു.

പ്രൊജക്ട് നമ്പർ-16/20

വികസനഫണ്ട്-460000

ചെലവ്-460000

ബിൽനം./തീയ്യതി/തുക-1/10.7.19/460000

പദ്ധതി നിർവ്വഹണത്തിനായി താഴെ പറയും പ്രകാരം 3 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കിയിട്ടുണ്ട്.

| | |
|---|---|
| പാപ്പിനിശ്ശേരി | 260000 |
| ചിറക്കൽ | 100000 |
| അഴീക്കോട് | 100000 |

ഇതിൽ ചിറക്കൽ ഗ്രാമപഞ്ചായത്തിന് നൽകിയ 100000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് സംബന്ധിച്ച് 28.4.22 ന് നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ്

പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 അങ്കണവാടി പൂരക പോഷകാഹാര പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

പ്രൊജക്ടിന്റെ പേര് -അങ്കണവാടി പൂരക പോഷകാഹാര പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ

പ്രൊജക്ട്നമ്പർ-22/20
വികസനഫണ്ട് - ₹1775000

ചെലവ് - ₹1775000

ബിൽ നം./തീയ്യതി/തുക – 1/29.7.19/₹775000

3/9.8.19/₹500000

6/16.8.19/₹500000

മേൽ പദ്ധതി പ്രകാരം 4 ഗ്രാമപഞ്ചയത്തുകൾക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ചിറക്കൽ | 500000 |
| വളപ്പട്ടണം | 275000 |
| അഴീക്കോട് | 500000 |
| പാപ്പിനിശ്ശേരി | 500000 |

പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടത് സംബന്ധിച്ച് 27.4.22 ന് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 ക്ഷീര സംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.800000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - ഡയറിഎക്സ്റ്റൻഷൻഓഫീസർ

പ്രൊജക്ടിന്റെ പേര് – ക്ഷീര സംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം

പ്രൊജക്ട്നമ്പർ-15/20
വികസനഫണ്ട് - 800000

മറ്റുള്ളവ – 800000

ആകെ അടങ്കൽ -1600000

ചെലവ് -800000 (വികസനഫണ്ട്)

ബിൽ നം./തീയ്യതി/ തുക – 2/20.8.19/88160

4/28.9.19/224375

5/30.10.19/132440

6/30.12.19/235220

7/18.1.20/48070

8/29.1.20/71735

മേൽ പ്രൊജക്ട് പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ചിറക്കൽ, പാപ്പിനിശ്ശേരി എന്നീ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ. ഉ. (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.2.15 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്‌സിഡി തുക ₹10000 ആണ്. മേൽ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഇരട്ടിപ്പില്ലാതെ മേൽ പ്രോജക്ട് ഏറ്റെടുക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ക്ഷീരകർഷകർക്ക് ഇതേ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. പദ്ധതി ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകൾ മുഖേന സബ്‌സിഡി ലഭ്യമായിട്ടില്ലെന്ന് ഉറപ്പു വരുത്തുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. മേൽ ഉത്തരവിലെ ഖണ്ഡിക 6.2.15 പ്രകാരം കേരള ഫീഡ്സ് കാലിത്തീറ്റയും മിൽമ ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയും പ്രാദേശിക സർക്കാരുകൾക്ക് വാങ്ങാവുന്നതാണ്. കേരള ഫീഡ്സ്, മിൽമ എന്നിവിടങ്ങളിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം ഈ സ്ഥാപനങ്ങളുടെ നിരക്കിനേക്കാൾ കുറവാണെന്ന് ഉറപ്പാക്കി ടെണ്ടർ/ഇ ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങാവുന്നതാണ്. എന്നാൽ ഇത് പ്രകാരമാണോ പദ്ധതിയുടെ ഭാഗമായി കാലിത്തീറ്റ പർച്ചേസ് ചെയ്തതെന്ന് വ്യക്തമല്ല.ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വാങ്ങിയതുമായി ബന്ധപ്പെട്ട പർച്ചേസ് ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടത് സംബന്ധിച്ച് 28.4.22 ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 800000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 പത്രപരസ്യം ഡിസ്കൗണ്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ജി.ഒ(പി)നം.17/15/I&PRD തീയതി 08.12.15 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാത്തരം പത്രപ്പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.
കൂടാതെ വിവിധ പരസ്യങ്ങളുടെ അടിസ്ഥാന വിവരങ്ങൾ മാത്രം പ്രസിദ്ധീകരിച്ച് അതിന്റെ അവയുടെ പൂർണ്ണരൂപം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ഇത് കാരണം ബ്ലോക്ക് പഞ്ചായത്തിന് പ്രോജക്ട് നമ്പർ 23/2020 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് (ജനറൽ), നിർവ്വഹണവുമായി ബന്ധപ്പെട്ട് നൽകിയ പരസ്യചാർജ്ജിനത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി | തുക | പത്രത്തിന്റെ പേര് ഇൻവോയിസ് നം/തീയതി | അപാകങ്ങൾ |
|---|---|---|---|---|
| | 22/17-09-2019 | 5616 | മാതൃഭൂമി 32100012764/12-02-2019 | 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല |
| | | 29738 | ദേശാഭിമാനി KNR/2019/07/111145/ 30-07-2019 | വിൻഡോ പരസ്യരൂപത്തിൽ പ്രസിദ്ധീകരിക്കാതെ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചു. |
| | | 29232 | മാതൃഭൂമി 321000048652/31-07-2019 | 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിൻഡോ പരസ്യരൂപത്തിൽ പ്രസിദ്ധീകരിക്കാതെ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചു. |
| | 26/17-10-2019 | 20992 | ദേശാഭിമാനി KNR/2019/10/119761/ 02-10-2019 | വിൻഡോ പരസ്യരൂപത്തിൽ പ്രസിദ്ധീകരിക്കാതെ പൂർണ്ണരൂപത്തിൽ |

| | | | | |
|---|---|---|---|---|
| | | | | പ്രസിദ്ധീകരിച്ചു. |
| | 32/21-11-2019 | 19488 | മാതൃഭൂമി 321000073824/02-10-2019 | 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിൻഡോ പരസ്യരൂപത്തിൽ പ്രസിദ്ധീകരിക്കാതെ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചു. |
| | 44/22-02-2020 | 14494 | മാതൃഭൂമി 321000092222/23-11-2019 | വിൻഡോ പരസ്യരൂപത്തിൽ പ്രസിദ്ധീകരിക്കാതെ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചു. |
| | | 17493 | ദേശാഭിമാനി KNR/2019/10/127799/ 23-11-2019 | വിൻഡോ പരസ്യരൂപത്തിൽ പ്രസിദ്ധീകരിക്കാതെ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചു. |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/19-04-2022) മറുപടിയിൽ പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിച്ചുതരാൻ പത്രസ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, വിൻഡോ രൂപത്തിൽ പരസ്യങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ തീയതി | തുക അനുവദിച്ച സ്ഥാപനം |
|---|---|---|---|---|---|
| 1 | 127/21 പാലിയേറ്റീവ് പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 5,74,200 വികസനഫണ്ട് ജനറൽ | 4,24,200 | 06/02-07-2019 | സെക്രട്ടറി, വളപട്ടണം ഗ്രാമ പഞ്ചായത്ത്. ₹2,00,000<br>സെക്രട്ടറി ചിറക്കൽ ഗ്രാമ പഞ്ചായത്ത് ₹1,00,000<br>സെക്രട്ടറി അഴീക്കോട് ഗ്രാമ പഞ്ചായത്ത് ₹1,24,200 |
| 2 | 24/20 അഗതി രഹിത കേരളം പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 6,00,000 വികസനഫണ്ട് ജനറൽ | 6,00,000 | 05/02-07-2019 | സെക്രട്ടറി അഴീക്കോട് ഗ്രാമ പഞ്ചായത്ത് ₹1,00,000 സെക്രട്ടറി ചിറക്കൽ ഗ്രാമ പഞ്ചായത്ത്₹5,00,000 |

| | | | | | |
|---|---|---|---|---|---|
| 3 | സർക്കാർ സ്കൂളുകൾ ഏഴാം തരം വരെ ഹൈടെക്ക് ആക്കൽ (ജനറൽ) | 2,04,000 വികസനഫണ്ട് ജനറൽ | 2,04,000 | 07/02-07-2019 | സെക്രട്ടറി ചിറക്കൽ ഗ്രാമ പഞ്ചായത്ത് ₹2,04,000 |

മേൽ പ്രോജക്ടുകൾക്ക് അനുവദിച്ച തുകയുടെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19-04-2022 ന്) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 1-18 ബ്ലോക്ക് ഫാമിൽ കിണർ,പമ്പ്ഹൗസ്, ടാങ്ക് ,മോട്ടോർ സ്ഥാപിക്കൽ- സ്രോതസ്സ് ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തിയതും മറ്റ് അപാകങ്ങളും

| | |
|---|---|
| പ്രോജക്ട് നമ്പർ | 31/19,84/20(സ്പിൽ ഓവർ) |
| അടങ്കൽ<br>പ്രോജക്ട് നമ്പർ 31/19<br>₹1000000 (500000വികസന ഫണ്ട് ജനറൽ, 500000 ജില്ലാ പഞ്ചായത്ത് വിഹിതം) - 2018-19 സാമ്പത്തിക വർഷം ചെലവില്ല.<br>സ്പിൽ ഓവർ പ്രോജക്ട് നമ്പർ 84/20<br>₹400000(₹174978 -വികസന ഫണ്ട് , ₹225022 -തനതു ഫണ്ട്) | |
| ചെലവ് ₹255063 | ₹174978-ബിൽനമ്പർ 6/19-20,01.10.19<br>₹80085-ചെക്ക് നമ്പർ 9477231/30.10.19 |
| കരാറുകാരൻ | ശ്രീ സന്തോഷ് .പി-എസ്റ്റിമേറ്റ് നിരക്ക് |
| എം ബുക്ക് നമ്പർ | 10/18-19 |
| സെലക്ഷൻ നോട്ടീസ് നല്കിയ തീയതി | 24.07.18 |
| എഗ്രിമെന്റ് തീയതി | 07.08.18 |
| സ്ഥലം കൈമാറിയ തീയതി | 01.02.2019 |

1.പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയത് ബ്ലോക്ക് ഫാമിൽ കിണർ,പമ്പ്ഹൗസ്, ടാങ്ക് ,മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നുവെങ്കിലും ആദ്യത്തെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ കിണർ ഒഴിവാക്കിയിരുന്നു.(എസ്റ്റിമേറ്റ് 400000രൂപ). പ്രസ്തുത എസ്റ്റിമേറ്റിൽ മോട്ടോർ , വാട്ടർടാങ്ക് ,വൈദ്യുതീകരണം തുടങ്ങിയ ഇനങ്ങൾക്ക് ലംപ്സം പ്രൊവിഷനായി തുക വകയിരുത്തിയിരുന്നുവെങ്കിലും എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ(അടങ്കൽ 255100രൂപ) ഇവയെല്ലാം ഒഴിവാക്കി പമ്പ് ഹൗസ് നിർമ്മാണത്തിനുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തുകയാണ് ചെയ്തത്.(ടി എസ് നമ്പർ 46263/18-19(45) 08.03.2019).

ജല സ്രോതസ്സ് ഉറപ്പു വരുത്താതെ പമ്പ് ഹൗസ് നിർമ്മാണത്തിനു മാത്രമായി പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/24.04.2022 ന് മറുപടിയായി അടുത്തു തന്നെ പുഴ ഉണ്ടെന്നാണ് അറിയിച്ചത് . പുഴയിൽ നിന്നും വെള്ളം പമ്പ് ഹൗസിൽ എത്തിക്കുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ മറുപടി തൃപ്തികരമല്ല.

2. പൂർത്തീകരണ പത്രം പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. സ ഉ(കൈ)11/2018/തസ്വഭവ തീയതി 29.01.2018

പ്രകാരമുള്ള പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ 11.4(1) ലെ വ്യവസ്ഥകൾ പ്രകാരം പദ്ധതി പൂർത്തിയായ ഉടനെ നിർവ്വഹണ ഉദ്യോഗസ്ഥൻ സുലേഖ സോഫ്റ്റ് വെയറിൽ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

3.2018-19 സാമ്പത്തിക വർഷം പദ്ധതി തയ്യാറാക്കിയത് സംയുക്ത പ്രോജക്ടായിട്ടായിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ തുടർന്നുള്ള വർഷം ആയത് ഒഴിവാക്കിയാണ് പ്രോജക്ട് പുതുക്കിയിട്ടുള്ളത്. സംയുക്ത പദ്ധതികൾ തയ്യാറാക്കുന്നതിനു മുമ്പ് ജില്ലാ പഞ്ചായത്ത് വിഹിതം ഉറപ്പു വരുത്തുന്നതിനായി പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.4 ൽ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി രേഖകളില്ല.
അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ആസ്തി നിഷ്ക്രിയമാകാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ജലസ്രോതസ്സ് ഉറപ്പു വരുത്താതെയും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ മറ്റ് ഘടകങ്ങൾ ഉൾപ്പെടുത്താതെയും പ്രോജക്ട് നടപ്പാക്കിയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബ്ലോക്ക് ഫാം പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയെന്ന നിലയിൽ ഫാം യാഥാർത്ഥ്യമാക്കുന്നതിന് ഏറ്റവും അത്യാവശ്യമായ ജല ലഭ്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ അപാകങ്ങൾ-1308790രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 71/2019-20 പട്ടികജാതി സങ്കേതങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ - ₹2249500 | ₹2249294 വികസനഫണ്ട് എസ് സി പി<br>₹206 തനത് ഫണ്ട് |
| നിർവഹണം | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അഴീക്കൽ ,കണ്ണൂർ. |
| ആകെ പ്രവൃത്തിമൂല്യം | ₹22,35,414 |
| ആകെ ചെലവ് തുക 2235432<br>ബിൽ നമ്പർ,തീയതി/ തുക | 9,26,642(2018-19)<br>12/06-07-2019 ₹981593<br>13-30-07-2019 ₹245398<br>24/20-09-2019 ₹81799 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നാല് ഗ്രാമപഞ്ചായത്തുകളിൽ ഉള്ള പട്ടികജാതി കോളനികളിൽ 55 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഒരുയൂണിറ്റിന് 40,900 രൂപ നിരക്കിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അഴീക്കൽ ,കണ്ണൂർ അണ് പദ്ധതി നടപ്പിലാക്കിയത്.

അക്രഡറ്റിഡ് ഏജൻസിയായ സിൽക് നഗരസഭക്ക് നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് സിൽക്കിന് അനുവദിച്ചിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഇനം | Supply And Installation Of Solar Street Light Specification 80W. Solar Battery 40 Ah, 8 WLED Lightwith Sensor 4 Meter Pole With Battery Box |
| എസ്റ്റിമേറ്റ് നിരക്ക് | 35739 |

| | |
|---|---|
| ജി എസ് ടി (5%) | 1786.95 |
| സെന്റേജ് (8%) | 2859.12 |
| ജി എസ് ടി ഓൺ സെന്റേജ്(18%) | 514.64 |
| ആകെ | ₹40900 |

പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ

1- G.O.(P)നം.122/2017/ഫിൻ ഉത്തരവ് പ്രകാരം SILK എന്ന സ്ഥാപനത്തിന് ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള SILK എന്ന സ്ഥാപനത്തെ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ടെണ്ടർ ക്ഷണിക്കാതെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അഴീക്കൽ ,കണ്ണൂർ എന്ന സ്ഥാപനത്തിന്റെ പേര് നിർവഹണ ഏജൻസിയായി പ്രോജക്ടിൽ ഉൾപ്പെടുത്തുകയും പ്രസ്തുത സ്ഥാപനത്തിൽ നിന്ന് മാത്രം ഓഫർ വാങ്ങി നിർവഹണം നടത്തിയതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ്.

2. പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ( Detailed Estimate)ഹാജരാക്കിയിട്ടില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.SILK സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിലാണ് സിൽക്കിന് തുക അനുവദിച്ചിട്ടുള്ളത്.പ്രസ്തുത എസ്റ്റിമേറ്റ് കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയാണോ തയ്യാറാക്കിയിട്ടുള്ളത് വ്യക്തമല്ല. അയത് പരിശോധിക്കുന്നതിന് പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് (Detailed Estimate) ഹാജരാക്കിയിട്ടില്ല. വിശദമായി എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതും കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3- നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചു.

സിൽക്കിന് തുക അനുവദിച്ചപ്പോൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം (1% 22354), ആദായനികുതി ടി ഡി എസ് (2% 44709) ,ജി എസ് ടി ടി ഡി എസ് (2% 44709) എന്നിവ സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല. ഇത് കാരണം 1,11,772 രൂപ സിൽക്കിന് അധികം അനുവദിച്ചിട്ടുണ്ട് ആയത് തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

5- പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6-പ്രവൃത്തി പൂർത്തിയായാൽ ഗുണമേൻമയും സ്പെസിഫിക്കേഷനും പരിശോധിച്ച് അനർട്ട് ജില്ലാ എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കാവൂ എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. സോളാർ വിളക്കുകൾ പ്രകാശിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അനർട്ട് ജില്ലാ എഞ്ചിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

7- വികസന ഫണ്ട് എസ്.സി.പി ഉപയോഗിച്ച് നടത്തുന്ന പദ്ധതികളിൽ പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)11/2018 /ത.സ്വ.ഭ.വ തീയതി 29-01-2018 ) പ്രകാരം നിർദ്ദേശിച്ച പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ,സോഷ്യൽ മാപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/19-04-2022) മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ കാരണം 13,08,790 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിയും അപാകങ്ങൾക്ക് വിശദീകരണം നൽകിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവനപദ്ധതി

ലൈഫ് ഭവന പദ്ധതിക്കു വേണ്ടി താഴെ പറയും പ്രകാരം 2 പ്രോജക്ടുകളാണ് തൻവർഷം നടപ്പിലാക്കിയത് .

1.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 12/20 ലൈഫ് ഭവനനിർമ്മാണ പദ്ധതി ബ്ലോക്ക് വിഹിതം പി എം എ വൈ പദ്ധതിയുടെ അധിക വിഹിതം ഉൾപ്പടെ (ജനറൽ ) |
| അടങ്കൽ - | ₹67,52,600 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹5373200 |

2

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 12/20 ലൈഫ് ഭവനനിർമ്മാണ പദ്ധതി ബ്ലോക്ക് വിഹിതം പി എം എ വൈ ബ്ലോക്ക് വിഹിതം നൽകൽ (പട്ടികജാതി ) |
| അടങ്കൽ - | ₹15,19,600 വികസനഫണ്ട് എസ് സി പി |
| ചെലവ് | ₹15,19,600 |

ലൈഫ് ഭവന പദ്ധതി, 2 പ്രോജക്റ്റുകളായാണ് നടപ്പിലാക്കിയതെങ്കിലും ഓരോന്നിനും പ്രത്യേകം ഫയൽ സൂക്ഷിക്കാതെ ചെലവുകളെല്ലാം ഒറ്റഫയലിലാണ് കാണിച്ചത്. ഇത് കാരണം ചെലവുകളിൽ വ്യക്തതയില്ല. പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം അനുവദിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം, ഗുണഭോക്താക്കൾക്ക് നേരിട്ട് വിഹിതം അനുവദിച്ച ചെലവുകളുമായി ബന്ധപ്പെട്ട ഗുണഭോക്തൃലിസ്റ്റ്, സ്റ്റേജ് സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം ഭൂമി വാങ്ങിയതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1- 12/20 ലൈഫ് ഭവനനിർമ്മാണ പദ്ധതി ബ്ലോക്ക് വിഹിതം പി എം എ വൈ പദ്ധതിയുടെ അധിക വിഹിതം ഉൾപ്പടെ (ജനറൽ )

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി | തുക | തുക അനുവദിച്ചത് | അപാകങ്ങൾ |
|---|---|---|---|---|
| 1 | 14/08-08-2019 | 400000 | സെക്രട്ടറി ചിറക്കൽ ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീത് വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2 | 18/22-08-2019 | 800000 | സെക്രട്ടറി പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീത് വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3 | 22/30-08-2019 | 800000 | സെക്രട്ടറി പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീത് വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | 25/20-09-2019 | 112000 | ജാനകി വി പി | ഗുണഭോക്തൃ ലിസ്റ്റ് സ്റ്റേജ് സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം ഇത് വരെ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 5 | 28/25-10-2019 | 400000 | സെക്രട്ടറി പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീത് വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 6 | 50/10-03-2020 | 395000 | മൊയ്തു പി പി 1,95,000 (ഗുണഭോക്താവ് | ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ച ഗുണഭോക്താക്കൾക്ക് ഇത് |

| | | | | |
|---|---|---|---|---|
| | | | റുബീന എം)<br>സുമയ്യ പി പി 2,00,000<br>(ഗുണഭോക്താവ് സെലീന പി) | വരെ അനുവദിച്ച തുക എത്രയെന്നും, ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ കെട്ടിട നമ്പർ അറിയിക്കേണ്ടതാണ്. |
| 7 | 51/17-03-2020 | 425000 | പ്രകാശൻ ബി 200000<br>(ഗുണഭോക്താവ് ഉഷ പി)<br>ദാമോദരൻ 225000<br>(ഗുണഭോക്താവ് ദേവരാജൻ പി പി ) | - ടി - |
| 8 | 56/27-03-2020 | 445000 | സജീവൻ ടി 200000<br>(ഗുണഭോക്താവ് സരസ്വതി സി കെ )<br>മുംതാസ് 45000<br>(ഗുണഭോക്താവ് സക്കീന പി കെ )<br>ടി നാരായണൻ 200000<br>(ഗുണഭോക്താവ് ഡാഫിനി സി) | - ടി - |
| 9 | 58/30-03-2020 | 396200 | വിവേക് 196200<br>(ഗുണഭോക്താവ് ദയാവതി എം)<br>പവിത്രൻ 200000<br>(ഗുണഭോക്താവ് എം സി പ്രേമരാജൻ ) | - ടി - |
| 10 | 41/31-01-2020 | 12,00,000 | സെക്രട്ടറി ചിറക്കൽ ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീത് വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | ആകെ | 5373200 | | |

2- 12/20 ലൈഫ് ഭവനനിർമ്മാണ പദ്ധതി ബ്ലോക്ക് വിഹിതം പി എം എ വൈ ബ്ലോക്ക് വിഹിതം നൽകൽ (പട്ടികജാതി )

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി | തുക | തുക അനുവദിച്ചത് | അപാകങ്ങൾ |
|---|---|---|---|---|
| 1 | 27/25-10-2019 | 950000 | സെക്രട്ടറി | കൈപ്പറ്റ് രശീത് വിനിയോഗ |

| | | | | |
|---|---|---|---|---|
| | | | പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് 8,38,000 | സാക്ഷ്യപത്രം ഇല്ല |
| | | | മഞ്ജു എസ് 1,12,000 | ഗുണഭോക്തൃ ലിസ്റ്റ് സ്റ്റേജ് സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം ഇത് വരെ അനുവദിച്ച തുക ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കെട്ടിട നമ്പർ എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 2 | 29/21-11-2019 | 186350 | സെക്രട്ടറി പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീത് വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3 | 152/31-03-2020 (എ.സി.ആർ പ്രകാരം) | 3,83,250 | സെക്രട്ടറി പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റ് രശീത് വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | ആകെ | 15,19,600 | | |

ഭൂമി വാങ്ങുന്നതിനും, ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചവരിൽ എത്ര പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/26-04-2022 ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത് ഗ്രാമപഞ്ചായത്താണെന്നും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന മുറക്ക് വിഹിതം നൽകുകമാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്നതെന്നും സെക്രട്ടറി അറിയച്ചിട്ടുണ്ട്. പി എം എ വൈ പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആരും തന്നെ ഇല്ലയെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതും ഭൂമി വാങ്ങുന്നതിനും, ഭവന നിർമ്മാണത്തിനും ധനസഹായം ലഭിച്ചവരിൽ എത്ര പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചെന്നും അറിയിക്കേണ്ടതുമാണ്.

## 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 335000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 30/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ -28,44,460 | 2800620 വികസനഫണ്ട് (എസ് സി പി)<br>43840 വികസനഫണ്ട് ജനറൽ |
| ആകെ ചെലവ് ₹28,44,460<br>ബിൽ നമ്പർ തീയതി/തുക | 01/30-09-2019 ₹18,25,000<br>03/ 30-09-2019 ₹34460<br>10/15-02-2020 ₹245000<br>9/15-02-2020 ₹625000<br>13/30-03-2020 ₹43840<br>14/30-03-30202 ₹71160 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2 കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ആനുകൂല്യത്തിന് അർഹയില്ലെന്നും, ഗ്രാമ സഭ അംഗീകരിച്ചതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം

നൽകാവുയെന്നും ബ്ലോക്ക് പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നവെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന്, ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം, ഗ്രാമപഞ്ചായത്തിൽ നിന്ന് സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ലെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2- അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നമ്പറും ബിൽ പ്രകാരം ഗുണഭോക്താവിന് പണം കൈമാറിയ അക്കൗണ്ട് നമ്പറും പൊരുത്തപ്പെടുന്നില്ല. ചെലവ് തടസപ്പെടുത്തുന്നു.

| ബിൽ നമ്പർ തീയതി | അനുവദിച്ച തുക | ഗുണഭോക്താവിന്റെ പേര് | അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നമ്പർ | ബിൽ പ്രകാരം ഗുണഭോക്താവിന് പണം കൈമാറിയ അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 9/15-02-2020 | 15000 | അഭിഷേക് സി | 42112310001073 | 6128322512 |

അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നമ്പറും ബിൽ പ്രകാരം ഗുണഭോക്താവിന് പണം കൈമാറിയ അക്കൗണ്ട് നമ്പറും പൊരുത്തപ്പെടാത്തതിന് കാരണം അറിയിക്കേണ്ടതാണ്. 15000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

3 അർഹതയുള്ളതിലും അധികം സ്കോളർഷിപ്പ് അനുവദിച്ചത് സംബന്ധിച്ച് 10000രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2-5 പ്രകാരം ബിരുദ കോഴ്സിന് പഠിക്കുന്നവർക്ക് നല്കാവുന്ന സ്കോളർഷിപ്പ് തുക 20000 രൂപയാണ്. എന്നാൽ കണ്ണൂർ യൂനിവേഴ്സിറ്റി ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസിൽ രണ്ടാം വർഷ BPEd വിദ്യാർത്ഥിനി ആയ അനാമിക കെ എന്നവർക്ക് 30,000 രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ നിശ്ചയിച്ചതിലും അധികമായി നൽകിയ 10000 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

4- അപേക്ഷയോടൊപ്പം രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | അനുവദിച്ച തുക | അപാകത |
|---|---|---|---|---|
| 1 | അർച്ചന പി | 1/30-09-2019 | 20000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 2 | ദിൽഷ എ | 1/30-09-2019 | 30000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 3 | നിവ്യ ടി | 9/15-02-2020 | 20000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 4 | അമൽജിത്ത് ഗിരീഷ് ടി | 1/30-09-2019 | 25000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 5 | അക്ഷയ് കെ | 1/30-09-2019 | 20000 | വിദ്യാഭ്യാസം തുടരുന്നതായുള്ള സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം |
| 6 | പ്രണവ് പ്രഭാകർ | 1/30-09-2019 | 20000 | വിദ്യാഭ്യാസം തുടരുന്നതായുള്ള സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം |
| | ആകെ | | 1,35,000 | |

രേഖകളുടെ അഭാവത്തിൽ 1,35,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം

ഒഴിവാക്കേണ്ടതാണ്.

5 – സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസം തുടരുന്നതായുള്ള സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം , ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് എന്നിവയില്ലാതെ ആനുകൂല്യം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | വിൻഷ ടി | 1/30-09-2019 | 20000 |
| 2 | വിഷ്ണുപ്രിയ വി വി | 1/30-09-2019 | 25000 |
| 3 | റോഷിദ കെ | 1/30-09-2019 | 20000 |
| 4 | ആതിര എ | 1/30-09-2019 | 30000 |
| 5 | ജിൻഷ കെ | 1/30-09-2019 | 20000 |
| 6 | അനഘ കെ | 1/30-09-2019 | 20000 |
| 7 | നന്ദന കെ വി | 1/30-09-2019 | 20000 |
| 8 | അശ്വതി ഒ കെ | 10/15-02-2020 | 15000 |
| 9 | ആകർഷ് സി വി | 14/30-03-2020 | 15000 |
| | ആകെ | | 1,85,000 |

രേഖകളുടെ അഭാവത്തിൽ 1,85,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

6- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2-5 പ്രകാരം വിദ്യാർത്ഥികളുടെയും, കോഴ്സിന്റെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 11/ 28-04-2022 രേഖകൾ/ വിശദമായ മറുപടി പിന്നീട് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

## 1-22 തനത് ഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ

തനത്ഫണ്ട് ചെലവ് സംബന്ധിച്ച് രേഖകൾ തയ്യാറാക്കിയതിലും സൂക്ഷിക്കുന്നതിലും നിരവധി അപാകങ്ങൾ കാണുന്നു.

1- വൗച്ചറുകൾ ക്രമത്തിൽ അടുക്കി സൂക്ഷിക്കുന്നില്ല.

2- ചെലവുകളുടെ അനുബന്ധ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

3- ചെലവുകൾ അംഗീകരിച്ച് പ്രസിഡന്റ് വൗച്ചറുകളിൽ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

4- ചുവടെ ചേർക്കുന്ന ചെലവുകളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | ചെക്ക് നമ്പർ തീയതി | തുക | ഇനം |
|---|---|---|---|
| 1 | 5781479/28-05-2019 | 8471 | വൈദ്യുതി ചാർജ് |
| 2 | 5781497/11-07-2019 | 17109 | വൈദ്യുതി ചാർജ് |
| 3 | 5859526/18-09-2019 | 21636 | ഓഫീസ് ചെലവുകൾ |
| 4 | 5859527/26-09-2019 | 9767 | വൈദ്യുതി ചാർജ് |
| 5 | 5859528/26-09-2019 | 5713 | ജോഷിൽ കെ പി 4160<br>ലതിക കെ 1553 |
| 6 | 5859529/04-10-2019 | 15865 | ഓഫീസ് ചെലവുകൾ |
| 7 | 5859533/04-10-2019 | 12813 | ഇന്ധന ചാർജ് |
| 8 | 5859534/30-10-2019 | 9955 | വൈദ്യുതി ചാർജ് |

| | | | |
|---|---|---|---|
| 9 | 5859540/06-11-2019 | 4248 | ഫയർ എസ്റ്റിഗ്യൂഷർ |
| 10 | 5859546/19-11-2019 | 31735 | ഓഫീസ് ചെലവുകൾ |
| 11 | 5859549/26-11-2019 | 11965 | വൈദ്യുതി ചാർജ് |
| 12 | 5859550/26-11-2019 | 46847 | ഐ എസ് ഒ ചെലവുകൾ |
| 13 | 5859557/28-12-2019 | 12475 | വൈദ്യുതി ചാർജ് |

5-തനത് ഫണ്ട് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ തീയതി | തുക | ഇനം | അപാകങ്ങൾ |
|---|---|---|---|---|
| 1 | 5781467/29-04-2019 | 45500 | പ്രീമെട്രിക്ക് ഹോസ്റ്റൽ ടോയിലറ്റിന്റെ ബ്ലോക്ക് മാറ്റിയതും ടോയിലറ്റിന്റെ പൈപ്പ് പുതുതായി കുഴിച്ച ടാങ്കിലേക്ക് വഴിതിരിച്ച് വിട്ടതിനും പി വി എം മെക്കാനിക്കൽ അരയാകണ്ടി പാറ എന്ന സ്ഥാപനത്തിന് നൽകിയതുക | എസ്റ്റിമേറ്റ് തയ്യാറാക്കാതെയും വാല്യേഷൻ എടുക്കാതെയും തുക അനുവദിച്ചു. |
| 2 | 5781469/10-05-2019 | 6731 | KL 13 AC 1732 നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് റിലയൻസ് ഇൻഷ്വൂറൻസ് | 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവ്വ പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല. |
| 3 | 5781486/11-06-2019 | 43000 | പ്ലാസ്റ്റിക്ക് റീ സൈക്കിളിംഗ് യൂണിറ്റിലെ ക്ലീനിംങ് മിഷൻ മാറ്റിസ്ഥാപിച്ചതിന് പി വി എം മെക്കാനിക്കൽ അരയാകണ്ടി പാറ എന്ന സ്ഥാപനത്തിന് നൽകിയതുക | എസ്റ്റിമേറ്റ് തയ്യാറാക്കാതെയും വാല്യേഷൻ എടുക്കാതെയും തുക അനുവദിച്ചു. |
| 4 | 5859598/27-03-2020 | 22165 | ശ്രീ ജോഷിൽ കെ വി ഡ്രൈവറുടെ 03/2020 ലെ വേതനം (31 X 715) | ലോഗ് ബുക്ക് പ്രകാരം വാഹനം ഓടിക്കാതിരുന്ന (22-03-2020) ഞായർ അവധി ദിനത്തിൽ വേതനം അനുവദിച്ചു. |

രേഖകൾ ഹാജരാക്കേണ്ടതും, അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 അഴീക്കോട് സി എച്ച് സിയിൽ താൽക്കാലികമായി നിയമിച്ച ഡോക്ടർ മറ്റ് ജീവനക്കാരുടെ വേതനം നൽകിയതിലെ അപാകങ്ങൾ -22200രൂപയുടെ ചെലവ് ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല, 101600 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി അഴീക്കോട് |
| പ്രൊജക്ട് നമ്പർ, പേര് | 10/20 അഴീക്കോട് സി എച്ച് സിയിൽ താൽക്കാലികമായി നിയമിച്ച ഡോക്ടർ മറ്റ് ജീവനക്കാരുടെ വേതനം |
| അടങ്കൽ -12,45,864 | ₹11,00,000 വികസനഫണ്ട് (ജനറൽ)<br>₹1,45,864 തനത് ഫണ്ട് |
| | 1144217(101600-തനത് ഫണ്ട്, 1042617- വികസന ഫണ്ട്) |
| ബിൽ നമ്പർ തീയതി, തുക | 1/03-06-2019 ₹69860<br>3/21-06-2019 ₹67197<br>6/26-06-2019 ₹23303<br>7/29-06-2019 ₹17850<br>10/11-07-2019 ₹53700<br>10/08-08-2019 ₹1,12,354 (എ.സി.ആർ പ്രകാരം)<br>17/03-09-2019 ₹105300<br>21/05-10-2019 ₹98420<br>23/04-11-2019 ₹105300<br>26/02-12-2019 ₹105300<br>31/04-01-2020 ₹105300<br>35/30-01-2020 ₹73800<br>37/07-02-2020 ₹5250<br>39/03-03-2020 ₹99683<br>ആകെ ₹10,42,617 |

അഴീക്കോട് സി.എച്ച് സി യിൽ സ്റ്റാഫ് നേഴ്സിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികയിലാണോ നിയമനം നടത്തിയതെന്ന് വ്യക്തമല്ല. സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനാടിസ്ഥാത്തിൽ ശ്രീ. ഷംനാസ് എം പി എന്നവരെ സ്റ്റാഫ് നേഴ്സിനായി നിയമിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

ജി ഒ (പി) 112/2018/ധന തീയതി 21-07-2018 പ്രകാരം 01-07-2018 മുതൽ ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നേഴ്സിന് നൽകാവുന്ന പരമാവധി വേതനം പ്രതിമാസം 29400 രൂപയും ജി ഒ (പി) 81/2019/ധന തീയതി 09-07-2019 പ്രകാരം 01/07/2019 മുതൽ 29025 രൂപയുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാഫ് നേഴ്സിന് സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധിക നിരക്കിൽ പ്രതിമാസ വേതനം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | ബിൽ നമ്പർ തീയതി | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1 | 17 ദിവസം 15-05-2019 മുതൽ 31-05-2019 | 7/29-06-2019 | 17850 | |
| 2 | 06/2019 | 10/11-07-2019 53700 | 31500 | 2100 |
| 3 | 07/2019 | 10/11-07-2019 53700 | 31500 | 2475 |
| 4 | 08/2019 | 17/03-09-2019 105300 | 31500 | 2475 |

| | | | | |
|---|---|---|---|---|
| 5 | 09/2019 | 21/05-10-2019 98420 | 31500 | 2475 |
| 6 | 10/2019 | 23/04-11-2019 105300 | 31500 | 2475 |
| 7 | 11/2019 | 26/02-12-2019 105300 | 31500 | 2475 |
| 8 | 12/2019 | 31/04-01-2020 105300 | 31500 | 2475 |
| 9 | 12/2019 | 37/07-02-2020 5250 | 5250 | 5250 |
| 10 | 02/2020 ജസ്ന ലത്തീഫ് | 39/03-03-2020 99683 | 25883 | |
| | വികസന ഫണ്ടിൽ നിന്ന് അധികം നൽകിയത് | | | 22200 |

സർക്കാർ ഉത്തരവിൽ നിശ്ചയിച്ചതിലും അധിക നിരക്കിൽ വേതനം അനുവദിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/06-05-2022 ) മറുപടി നൽകിയിട്ടില്ല. വികസന ഫണ്ടിൽ നിന്ന് സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധികം നൽകിയ 22200 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ചെലവ് പത്രിക പ്രകാരം തനത്ഫണ്ടിൽ നിന്ന് 101600 രൂപ വേതന ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. 101600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 അഴീക്കോട് സി എച്ച് സിയിൽ ആവശ്യമായ മരുന്ന് വാങ്ങൽ - 58390 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി അഴീക്കോട് |
| പ്രൊജക്ട് നമ്പർ, പേര് | 02/20 അഴീക്കോട് സി എച്ച് സിയിൽ ആവശ്യമായ മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹140000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നമ്പർ തീയതി, തുക | 20/01-10-2019 ₹90,000<br>45/30-03-2020 ₹50,000 |

പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് 1,40,000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തൈക്കാടിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയും പ്രകാരം 81610 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ തീയതി | ലഭിച്ച മരുന്നിന്റെ വില |
|---|---|---|
| 1 | 6648/10-10-2019 | 6039 |
| 2 | 6654/10-10-2019 | 16,546 |
| 3 | 6653/10-10-2019 | 52613 |

| | | |
|---|---|---|
| 4 | 930/10-10-2019 | 6412 |
| | ആകെ | 81610 |

140000-81610=58390 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16/07-05-2022) മറുപടി നൽകിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, അല്ലെങ്കിൽ അധികമായി ഒടുക്കിയ ₹58390 തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 335000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 30/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ -28,44,460 | 2800620 വികസനഫണ്ട് (എസ് സി പി)<br>43840 വികസനഫണ്ട് ജനറൽ |
| ആകെ ചെലവ് ₹28,44,460<br>ബിൽ നമ്പർ തീയതി/തുക | 01/30-09-2019 ₹18,25,000<br>03/ 30-09-2019 ₹34460<br>10/15-02-2020 ₹245000<br>9/15-02-2020 ₹625000<br>13/30-03-2020 ₹43840<br>14/30-03-30202 ₹71160 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2 കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ആനുകൂല്യത്തിന് അർഹയില്ലെന്നും, ഗ്രാമ സഭ അംഗീകരിച്ചതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂയെന്നും ബ്ലോക്ക് പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നുവെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന്, ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം, ഗ്രാമപഞ്ചായത്തിൽ നിന്ന് സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ലെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2- അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നമ്പറും ബിൽ പ്രകാരം ഗുണഭോക്താവിന് പണം കൈമാറിയ അക്കൗണ്ട് നമ്പറും പൊരുത്തപ്പെടുന്നില്ല. ചെലവ് തടസപ്പെടുത്തുന്നു.

| ബിൽ നമ്പർ തീയതി | അനുവദിച്ച തുക | ഗുണഭോക്താവിന്റെ പേര് | അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നമ്പർ | ബിൽ പ്രകാരം ഗുണഭോക്താവിന് പണം കൈമാറിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | അക്കൗണ്ട് നമ്പർ |
| 9/15-02-2020 | 15000 | അഭിഷേക് സി | 42112310001073 | 6128322512 |

അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നമ്പറും ബിൽ പ്രകാരം ഗുണഭോക്താവിന് പണം കൈമാറിയ അക്കൗണ്ട് നമ്പറും പൊരുത്തപ്പെടാത്തതിന് കാരണം അറിയിക്കേണ്ടതാണ്. 15000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

3 അർഹതയുള്ളതിലും അധികം സ്കോളർഷിപ്പ് അനുവദിച്ചത് സംബന്ധിച്ച് 10000രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2-5 പ്രകാരം ബിരുദ കോഴ്സിന് പഠിക്കുന്നവർക്ക് നല്കാവുന്ന സ്കോളർഷിപ്പ് തുക 20000 രൂപയാണ്. എന്നാൽ കണ്ണൂർ യൂനിവേഴ്സിറ്റി ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസിൽ രണ്ടാം വർഷ BPEd വിദ്യാർത്ഥിനി ആയ അനാമിക കെ എന്നവർക്ക് 30,000 രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ നിശ്ചയിച്ചതിലും അധികമായി നൽകിയ 10000 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

4- അപേക്ഷയോടൊപ്പം രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | അനുവദിച്ച തുക | അപാകത |
|---|---|---|---|---|
| 1 | അർച്ചന പി | 1/30-09-2019 | 20000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 2 | ദിൽഷ എ | 1/30-09-2019 | 30000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 3 | നിവ്യ ടി | 9/15-02-2020 | 20000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 4 | അമൽജിത്ത് ഗിരീഷ് ടി | 1/30-09-2019 | 25000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 5 | അക്ഷയ് കെ | 1/30-09-2019 | 20000 | വിദ്യാഭ്യാസം തുടരുന്നതായുള്ള സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം |
| 6 | പ്രണവ് പ്രഭാകർ | 1/30-09-2019 | 20000 | വിദ്യാഭ്യാസം തുടരുന്നതായുള്ള സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം |
| | ആകെ | | 1,35,000 | |

രേഖകളുടെ അഭാവത്തിൽ 1,35,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

5 – സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസം തുടരുന്നതായുള്ള സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം , ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് എന്നിവയില്ലാതെ ആനുകൂല്യം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | വിൻഷ ടി | 1/30-09-2019 | 20000 |
| 2 | വിഷ്ണുപ്രിയ വി വി | 1/30-09-2019 | 25000 |
| 3 | റോഷിദ കെ | 1/30-09-2019 | 20000 |
| 4 | ആതിര എ | 1/30-09-2019 | 30000 |
| 5 | ജിൻഷ കെ | 1/30-09-2019 | 20000 |
| 6 | അനഘ കെ | 1/30-09-2019 | 20000 |

| | | | |
|---|---|---|---|
| 7 | നന്ദന കെ വി | 1/30-09-2019 | 20000 |
| 8 | അശ്വതി ഒ കെ | 10/15-02-2020 | 15000 |
| 9 | ആകർഷ് സി വി | 14/30-03-2020 | 15000 |
| | ആകെ | | 1,85,000 |

രേഖകളുടെ അഭാവത്തിൽ 1,85,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

6- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2-5 പ്രകാരം വിദ്യാർത്ഥികളുടെയും, കോഴ്സിന്റെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 11/ 28-04-2022 രേഖകൾ/ വിശദമായ മറുപടി പിന്നീട് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

## 3-2 അഴീക്കോട് സി എച്ച് സിയിൽ താൽക്കാലികമായി നിയമിച്ച ഡോക്ടർ മറ്റ് ജീവനക്കാരുടെ വേതനം നൽകിയതിലെ അപാകങ്ങൾ -22200രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, 101600 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി അഴീക്കോട് |
| പ്രൊജക്ട് നമ്പർ, പേര് | 10/20 അഴീക്കോട് സി എച്ച് സിയിൽ താൽക്കാലികമായി നിയമിച്ച ഡോക്ടർ മറ്റ് ജീവനക്കാരുടെ വേതനം |
| അടങ്കൽ -12,45,864 | ₹11,00,000 വികസനഫണ്ട് (ജനറൽ)<br>₹1,45,864 തനത് ഫണ്ട് |
| | 1144217(101600-തനത് ഫണ്ട്, 1042617- വികസന ഫണ്ട്) |
| ബിൽ നമ്പർ തീയതി, തുക | 1/03-06-2019 ₹69860<br>3/21-06-2019 ₹67197<br>6/26-06-2019 ₹23303<br>7/29-06-2019 ₹17850<br>10/11-07-2019 ₹53700<br>10/08-08-2019 ₹1,12,354 (എ.സി.ആർ പ്രകാരം)<br>17/03-09-2019 ₹105300<br>21/05-10-2019 ₹98420<br>23/04-11-2019 ₹105300<br>26/02-12-2019 ₹105300<br>31/04-01-2020 ₹105300<br>35/30-01-2020 ₹73800<br>37/07-02-2020 ₹5250<br>39/03-03-2020 ₹99683<br>ആകെ ₹10,42,617 |

അഴീക്കോട് സി.എച്ച് സി യിൽ സ്റ്റാഫ് നേഴ്സിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികയിലാണോ നിയമനം നടത്തിയതെന്ന് വ്യക്തമല്ല. സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനാടിസ്ഥാത്തിൽ ശ്രീ. ഷംനാസ് എം പി എന്നവരെ സ്റ്റാഫ് നേഴ്സിനായി നിയമിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

ജി ഒ (പി) 112/2018/ധന തീയതി 21-07-2018 പ്രകാരം 01-07-2018 മുതൽ ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നേഴ്സിന് നൽകാവുന്ന പരമാവധി വേതനം പ്രതിമാസം 29400 രൂപയും ജി ഒ (പി) 81/2019/ധന തീയതി 09-07-2019

പ്രകാരം 01/07/2019 മുതൽ 29025 രൂപയുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാഫ് നേഴ്സിന് സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധിക നിരക്കിൽ പ്രതിമാസ വേതനം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | ബിൽ നമ്പർ തീയതി | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1 | 17 ദിവസം 15-05-2019 മുതൽ 31-05-2019 | 7/29-06-2019 | 17850 | |
| 2 | 06/2019 | 10/11-07-2019 53700 | 31500 | 2100 |
| 3 | 07/2019 | 10/11-07-2019 53700 | 31500 | 2475 |
| 4 | 08/2019 | 17/03-09-2019 105300 | 31500 | 2475 |
| 5 | 09/2019 | 21/05-10-2019 98420 | 31500 | 2475 |
| 6 | 10/2019 | 23/04-11-2019 105300 | 31500 | 2475 |
| 7 | 11/2019 | 26/02-12-2019 105300 | 31500 | 2475 |
| 8 | 12/2019 | 31/04-01-2020 105300 | 31500 | 2475 |
| 9 | 12/2019 | 37/07-02-2020 5250 | 5250 | 5250 |
| 10 | 02/2020 ജസ്ന ലത്തീഫ് | 39/03-03-2020 99683 | 25883 | |
| | വികസന ഫണ്ടിൽ നിന്ന് അധികം നൽകിയത് | | | 22200 |

സർക്കാർ ഉത്തരവിൽ നിശ്ചയിച്ചതിലും അധിക നിരക്കിൽ വേതനം അനുവദിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/06-05-2022 ) മറുപടി നൽകിയിട്ടില്ല. വികസന ഫണ്ടിൽ നിന്ന് സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധികം നൽകിയ 22200 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ചെലവ് പത്രിക പ്രകാരം തനത്ഫണ്ടിൽ നിന്ന് 101600 രൂപ വേതന ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. 101600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12.04.22,25.04.22 | കെ.എസ്.എ/കെ.എൻ.ആർ /സി.5/681/2022 തീയതി: 03.06.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ യാതൊരു

രേഖയും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ സുലേഖ ചെലവു പത്രിക പ്രകാരം ഈയിനത്തിൽ ചെലവു വന്നിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ആർ പി 31 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി 196000രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 200000രൂപയും ലഭിച്ചിട്ടുണ്ട്. ഇത് പ്രോജക്ടിന്റെ ഭാഗമാക്കിയതായി കാണുന്നില്ല. മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4-6-2 | വില്ലേജ് ഹട്ട് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,60,22,771 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,97,58,698 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹32200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹2545390 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-സർച്ചാർജ്ജ് ചെയ്യാവുന്നവ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|

| | | |
|---|---|---|
| (3-1)1-21 | 10000 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| (3-2)1-23 | 22200 | ഡോ.ഷാഹിന ബായ് മെഡിക്കൽ ഓഫീസർ, സിഎച്ച് സി ,അഴീക്കോട് |
| ആകെ | ₹32200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 8,00,000 | ശ്രീമതി.അമ്പിളി.എൻ.എസ്,ക്ഷീരവികസന ഓഫീസർ |
| 1-19 | 13,08,790 | ശ്രീ.ഫെലിക്സ് ഗ്രിഗറി, സെക്രട്ടറി |
| 1-21 | 3,35,000 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| 1-23 | 1,01,600 | ഡോ.ഷാഹിന ബായ്, മെഡിക്കൽ ഓഫീസർ, സിഎച്ച് സി, അഴീക്കോട് |
| ആകെ | ₹25,45,390 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവ യ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ 1-19

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ 1-22

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫെലിക്സ് ഗ്രിഗറി, സെക്രട്ടറി | ജോയിന്റ് ബി ഡി ഒ, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | പണിക്കർക്കളം, നാട്ടുകൽ വഴി, അത്തിക്കോട്, പി ഒ ചിറ്റൂർ |

| | | |
|---|---|---|
| ശ്രീമതി.അമ്പിളി.എൻ.എസ്, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന സേവന ഓഫീസ്, ഇരിങ്ങാലക്കട | നീലാംബരി, മനാലെ, രാമവർമപുരം, തൃശ്ശൂർ |
| ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ | കേരളഹൌസ്,ന്യൂഡൽഹി | ശ്രീസമീരം, മുണ്ടയാട്, പി ഒ വാരം |
| ഡോ.ഷാഹിന ബായ് മെഡിക്കൽ ഓഫീസർ,സിഎച്ച് സി ,അഴീക്കോട് | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പഴയങ്ങാടി | ഹൌസ് നമ്പർ 17, പി.പി.എസ്. നഗർ, കടപ്പുറം റോഡ്, അഴീക്കോട് പി.ഒ. പിൻ 670009 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 3 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 7 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 2 |
| 2009-10 2010-11 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 14 |

| | | |
|---|---|---|
| 2011-12 | | |
| 2012-13,<br>2013-14 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 11 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 11 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 18 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 12 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ.<br>/സി.5/321/2019 തീയതി 06.07.2019 | 15 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.5/929/22<br>തീയതി 09.03.22 | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kannur Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13469136.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 63387.00 |
| 150000000 | Sale & Hire Charges | RP-5 | 349811.00 |
| 151000000 | Receipts from Transferred Institutions | RP-6 | 41199.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 33719909.00 |
| 171000000 | Interest Earned | RP-9 | 133725.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1043447.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-34 | 69261.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 212034.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 352339.00 |
| 460000000 | Loans, Advances and Deposits | RP-47 | 37659.00 |
| | Grand total | | 49491907.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3578702.00 |
| 220000000 | Administrative Expenses | RP-12 | 1647125.00 |
| 230000000 | Operations & Maintenance | RP-13 | 303837.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3983123.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19175259.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 505485.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 41361.00 |
| 254000000 | Expenditures of Transferred institutions and State<br>Sponsored Schemes | RP-19 | 17118.00 |
| 255000000 | Maintenance Projects | RP-20 | 2278613.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 718348.00 |
| 280000000 | Prior Period item | RP-26 | 169331.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4326929.00 |
| 350000000 | Other Liabilities | RP-36 | 286251.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 128.00 |
| 340000000 | Deposits Received | RP-34 | 45473.00 |
| 350000000 | Other Liabilities | RP-36 | 100130.00 |
| 410000000 | Fixed Assets | RP-38 | 997255.00 |
| 412000000 | Capital work in Progress | RP-40 | 1434202.00 |
| 460000000 | Loans, Advances and Deposits | RP-47 | 150028.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9733209.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 49491907.00 |

2.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kannur Block Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 699096.00 |
| 140000000 | Fee & User Charges | I-4(b) | 63387.00 |
| 150000000 | Sale & Hire Charges | I-5(b) | 349811.00 |

| | | | |
|---|---|---|---|
| 151000000 | Receipts from Transferred Institutions | I-5(a) | 41199.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 34629627.00 |
| 171000000 | Interest Earned | I-8 | 133725.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 35916845.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3578702.00 |
| 220000000 | Administrative Expenses | I-11(b) | 1647125.00 |
| 230000000 | Operations & Maintenance | I-12(b) | 303837.00 |
| 240000000 | Interest & Finance Charges | I-13 | 128.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3983123.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19425259.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 505485.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 41361.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes<br>(not included under Decentralized Plan Programme) | I-14(d) | 17118.00 |
| 255000000 | Maintenance Projects | I-14(e) | 2278613.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 718348.00 |
| 272000000 | Depreciation | I-17(a) | 3992371.00 |
| | Total Expenditure | | 36491470.00 |
| | Gross Surplus/ Deficit of income over Expenditure | | -574625.00 |
| 280000000 | Prior Period Item | I-18 | -10067653.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 9493028.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.ബാലൻസ് ഷീറ്റ്

| Kannur Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 48188905.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 14934142.00 |
| | Total Reserve & Surplus | | 63123047.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1970475.00 |
| | Total Grants, Contributions for Specific Purposes | | 1970475.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 433927.00 |
| 350000000 | Other Liabilities | B-9 | 1035187.00 |
| | Total Current Liabilities and Provisions | | 1469114.00 |
| | TOTAL LIABILITIES | | 66562636.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 68111452.00 |
| 411000000 | Accumulated Depreciation | B-11 | -13275520.00 |
| 412000000 | Capital Work in Progress | B-11(a) | 1135571.00 |
| | Total Fixed Assets | | 55971503.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 407266.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9733209.00 |
| 460000000 | Loans, Advances and Deposits | B-18 | 450658.00 |
| | Total Current Assets, Loans and Advances | | 10591133.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 66562636.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.